**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ (എ&റ്റി)നടപടിക്രമം**

---

വിഷയം:- പാലക്കാട് കുമാരനല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ആയ ശ്രീ.രാജേഷ് കെ വി യ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി അർഹമായ ശമ്പള കുടിശ്ശിക നൽകുന്നതിനും ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1554/2025 നമ്പർ കേസിലെ ഉത്തരവ് നടപ്പാക്കി അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-1.ഈ കാര്യാലയത്തിലെ EE 4/82156/2010/DHS ,
തീയതി:10-12-2014 എന്ന നമ്പർ ഉത്തരവ്

2.ശ്രീ രാജേഷ് കെ വി സമർപ്പിച്ച അപേക്ഷ

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1554/2025 കേസിലെ 10-09-2025,13-11-2025 എന്നി തീയതികളിലെ ഉത്തരവ്

4.GO(Rt)No 3730/2025/H&FWD , dated: 28-11-2025

**ഉത്തരവ് നം:ആവഡ/22596/2025/EE 4, തീയതി:** 03-01-2026

---

പാലക്കാട് കുമാരനല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ആയ ശ്രീ.രാജേഷ് കെ വി പരാമർശം ഒന്ന് പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ് I സ്ഥാനക്കയറ്റ ഉത്തരവ് പുനക്രമീകരിച്ച് അർഹമായ പ്രമോഷൻ ലഭ്യമാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുകയും കൂടാതെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1554/2025 എന്ന

നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

പരാമർശം (1)പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് അർഹത ഉണ്ടായിരുന്നിട്ടും സീനിയോറിറ്റി പുനഃക്രമീകരിക്കപ്പെടാത്ത വിഷയത്താൽ ഒഴിവാക്കപ്പെട്ട 40 ജീവനക്കാരെ ഉൾപ്പെടുത്തി 21-11-2015 ൽ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് പ്രമോഷൻ നൽകിയപ്പോൾ ശ്രീ.രാജേഷ് കെ വി ക്രമ നം.38 ആയും റാങ്ക് നം.367 ആയും സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ടു. എന്നാൽ ടിയാൻ 01-10-2015 മുതൽ 30-09-2020 വരെ ശുന്യവേതനാവധിയിൽ ആയിരുന്നതിനാൽ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഇപ്രകാരം ശൂന്യ വേതനാവധിയിൽ ആയതിനാൽ ടിയാനെ പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവിൽ നിന്നും ഒഴിവാക്കുകയും, ശേഷം അപേക്ഷ പരിഗണിച്ചു EE 4/3347/2021/DHS ,തീയതി :04-06-2021എന്ന ഉത്തരവ് പ്രകാരം പുതുതായി ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തു . ശ്രീ.രാജേഷ്.കെ.വി ശൂന്യ വേതന അവധിയിൽ പ്രവേശിക്കുന്നതിന് മുൻപ് നിലവിൽ വന്ന ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ഒഴിവിലേക്ക് ടിയാനെ മറികടന്നു ടിയാന്റെ ജൂനിയർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രമോഷൻ പ്രാബല്യ തീയതി മുതൽ ടിയാനും ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ പ്രമോഷൻ ലഭിക്കാൻ അർഹത ഉണ്ട് എന്നും,ചുമതലയിൽ വ്യത്യാസം ഇല്ലാത്ത പ്രമോഷനുകൾക്ക് കെ.എസ്.ആർ ഭാഗം (I) ചട്ടം 23(ഡി) പ്രകാരം ഒഴിവ് നിലവിൽ വന്ന തീയതി മുതൽ/അർഹത നേടിയ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും പ്രമോഷൻ ഉത്തരവ് തീയതി മുതൽ പുറകോട്ട് പരമാവധി ഒരു വർഷത്തെ ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ പാലക്കാട് കുമാരനല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ആയ ശ്രീ.രാജേഷ് കെ വി യ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി അർഹമായ ശമ്പള കുടിശ്ശിക നൽകുന്നതിനു സർക്കാർ അനുമതി ലഭ്യമായിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ ഒഴിവിലേക്ക് ടിയാനെ മറികടന്നു തൊട്ടു ജൂനിയർക്കു സ്ഥാനക്കയറ്റം നൽകിയ 10-12-2014 തീയതി

പ്രാബല്യത്തിൽ ശ്രീ.രാജേഷ് .കെ.വി യ്ക്ക് മുൻകാല പ്രബല്യത്തിൽ സ്ഥാനക്കയറ്റം നൽകിയും, സ്ഥാനക്കയറ്റ തീയതി മുതൽ പുറകിലോട്ട് പരമാവധി ഒരു വർഷത്തെ ശമ്പള കുടിശ്ശിക അനുവദിച്ചും അനുമതി നൽകി ഉത്തരവാകുന്നു.(സ്ഥാനക്കയറ്റം സംബന്ധിച്ച് വിവരങ്ങൾ സേവന പുസ്തകത്തിലെ ബന്ധപ്പെട്ട പേജിൽ രേഖപ്പെടുത്തേണ്ടതാണ്.)

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.രാജേഷ്.കെ.വി ഫയൽ ചെയ്ത OA 1554/2025 കേസിൽ അനുപാലന ഉത്തരവ് പുറപ്പെടുവിച്ചു ഉത്തരവാകുന്നു.

Signed by
Shinu K S
Date: 03-01-2026 15:59:45

**അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

ശ്രീ.രാജേഷ്.കെ.വി, ഫാർമസിസ്റ്റ് ഗ്രേഡ് I , പി.എച്.സി കുമാരനല്ലൂർ ,

പാലക്കാട്

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ ഓഫീസ് , കേരള, തിരുവനന്തപുരം

2.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പാലക്കാട്

3.മെഡിക്കൽ ഓഫീസർ , പ്രാഥമികാരോഗ്യ കേന്ദ്രം കുമാരനല്ലൂർ, പാലക്കാട്

4.സൂപ്രണ്ട്, ഇ.എസ് സെക്ഷൻ , ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

5.ഫയൽ /കരുതൽ ഫയൽ